**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1884** **12-09-2023 - ൽ മറുപടിയ്ക്ക്**

**മലയാള സർവകലാശാലയിലെ യോഗങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയിലെ പൊതുസഭ, നിർവാഹകസമിതി, പണ്ഡിതസഭ, ഗവേഷണസഭ യോഗങ്ങൾ അവസാനമായി ചേർന്നത് എന്നാണെന്ന് അറിയിക്കുമോ; അവയുടെ നടപടിക്കുറിപ്പിന്റെ പകർപ്പ് നൽകുമോ; | (എ) | തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയിൽ ഇരുപത്തി യൊമ്പതാമത് പൊതുസഭ 20/05/2023 നും, ഇരുപത്തിയാറാമത് പണ്ഡിതസഭ 28/02/2023 നും, പതിനാറാമത് ഗവേഷണസഭ 04/03/2023 നും അറുപത്തിരണ്ടാമത് നിർവാഹക സമിതി 06/07/2023 നും നടന്നു. ടി യോഗങ്ങളുടെ നടപടിക്കുറിപ്പിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത യോഗങ്ങൾ സമയബന്ധിതമായി ചേരാത്തത് മൂലം അക്കാഡമിക് പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ യോഗങ്ങൾ അടിയന്തിരമായി ചേരുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | സർവകലാശാലയിലെ അക്കാഡമിക് പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

7565195/2023/H EDN

B5/142/2023-HEDN

LA UnSQn/884

മറുപടി (പഴ)

അനുബന്ധം

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം - 676 502

# പൊതുസഭ

## ഇരുപത്തിയൊമ്പതാമത് യോഗതീരുമാനങ്ങൾ

**2023 മേയ് 20 ശനിയാഴ്ച രാവിലെ 10.30 ന്**

പങ്കെടുത്തവർ:

1. ഡോ. സാബു തോമസ് (വൈസ് ചാൻസലർ) (അദ്ധ്യക്ഷൻ)
2. ശ്രീ കുറുക്കോളി മൊയ്തീൻ (എം.എൽ.എ.)
3. ശ്രീമതി റെറ്റി പി തോമസ് (സെക്ഷൻ ഓഫീസർ, സാംസ്കാരികകാര്യ (സി) വകുപ്പ്)
4. ഡോ. സി. രാജേന്ദ്രൻ
5. ഡോ. കെ.ജി .പൗലോസ്
6. കലാമണ്ഡലം ഹൈമവതി
7. കലാമണ്ഡലം പ്രഭാകരൻ
8. ഡോ. ജെ. പ്രസാദ്
9. ഡോ. സത്യൻ എം. (ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)
10. പ്രൊഫ. കെ. ഓമനക്കുട്ടി
11. ഡോ. കെ.വി.ശശി
12. ഡോ. കെ.എം. അനിൽ
13. ഡോ. ധന്യ ആർ.
14. ഡോ. സി. സെയ്തലവി
15. ശ്രീ ആശിഷ് സുകു
16. കുമാരി കൃഷ്ണ കെ.പി.
17. ശ്രീ അനീഷ് വി.പി.
18. കുമാരി ആര്യ

ഡോ. പ്രജിത് ചന്ദ്രൻ (രജിസ്ട്രാർ) യോഗത്തിൽ സന്നിഹിതനായിരുന്നു.

യോഗം രാവിലെ 10.30 ന് ഓൺലൈനായി ആരംഭിച്ചു. ബഹു. വൈസ് ചാൻസലർ എല്ലാ പൊതുസഭാംഗങ്ങളേയും സഭയിലേക്ക് ഹാർദ്ദമായി സ്വാഗതം ചെയ്തുകൊണ്ട് യോഗനടപടികൾ ആരംഭിച്ചു.

### തീരുമാനങ്ങൾ

ഇനം നമ്പർ: **2023.19**

വിഷയം: വൈസ് ചാൻസലറുടെ റിപ്പോർട്ട്

തീരുമാനം: ബഹു. വൈസ് ചാൻസലർ അവതരിപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചു.

സിനിമാനടൻ മാമുക്കോയ, ആതുരശുശ്രൂഷക്കിടയിൽ ആക്രമിയാൽ ദാരുണാന്ത്യം സംഭവിച്ച ഡോ. വന്ദനാദാസ്, വിനോദസഞ്ചാരവേളയിൽ താനൂരിലെ പൂരപ്പുഴയിൽ ഉണ്ടായ ബോട്ടപകടത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് സഭ ആദരാഞ്ജലി അർപ്പിച്ചു.

ഇനം നമ്പർ: **2023.20**

വിഷയം: പൊതുസഭയുടെ ഇരുപത്തിയെട്ടാമത് യോഗത്തിന്റെ തീരുമാനങ്ങൾ സ്ഥിരീകരിക്കുന്നത് സംബന്ധിച്ച്

തീരുമാനം: പൊതുസഭയുടെ 28-ാമത് യോഗതീരുമാനങ്ങൾ സ്ഥിരീകരിച്ചു.

(ഭരണവിഭാഗം എ, ബി, സി സെക്ഷൻ - പരീക്ഷാവിഭാഗം)

ഇനം നമ്പർ: **2023.21**

വിഷയം: നിർവാഹകസമിതി അംഗീകരിച്ച 2022-23 വർഷത്തെ വാർഷികറിപ്പോർട്ട് അംഗീകരിക്കുന്നത് സംബന്ധിച്ച്

തീരുമാനം: വാർഷിക റിപ്പോർട്ടിലെ പിശകുകൾ സമഗ്രമായി പരിശോധിച്ച് പൂർണമാക്കി അടുത്ത യോഗത്തിൽ പുനർസമർപ്പിക്കുക.

(191/2019/പ്രസിദ്ധീകരണം - പ്രസിദ്ധീകരണവിഭാഗം)

ഇനം നമ്പർ: **2023.22**

വിഷയം: നിർവാഹകസമിതി അംഗീകാരം നൽകിയ 4 പിഎച്ച്.ഡി. ഗവേഷകർക്ക് ബിരുദദാനത്തിനായി അനുമതി നൽകുന്ന വിഷയം (വിനീഷ് എ.കെ, ദീപ എം, അശോക് എ ഡിക്രൂസ്, ഐശ്വര്യ വി ഗോപാൽ) പരിഗണിക്കുന്നത് സംബന്ധിച്ച്

തീരുമാനം: അംഗീകരിച്ചു.

(192/പിഎച്ച്.ഡി./2022/അക്കാദമികം - ഭരണവിഭാഗം 'സി' സെക്ഷൻ)

ഇനം നമ്പർ: **2023.23**

വിഷയം: നിർവാഹകസമിതി അംഗീകാരം നൽകിയ 2020-22 അധ്യയനവർഷത്തിലെ ബിരുദാനന്തരബിരുദം, 2019 ബാച്ചിലെ എംഫിൽ ബിരുദം, 2021 ബാച്ചിലെ താരതമ്യസാഹിത്യം വിവർത്തനപഠനം കോഴ്സിൽ നിന്നും എംഫിൽ ബിരുദപഠനം എന്നിവ പൂർത്തീകരിച്ച വിദ്യാർത്ഥികൾക്ക് ബിരുദം നൽകുന്നത് സംബന്ധിച്ച്.

തീരുമാനം: അംഗീകരിച്ചു.

(126/2019/പ.വി. - പരീക്ഷാവിഭാഗം)

<u>ചർച്ചയിൽ ഉടലെടുത്ത തീരുമാനങ്ങൾ</u>

ഇനം നമ്പർ: **2023.24**

വിഷയം: അക്ഷരം കാമ്പസിലെ മരങ്ങൾ മുറിച്ചത് സംബന്ധിച്ച്

തീരുമാനം: അക്ഷരം കാമ്പസിലെ മരങ്ങൾ മുറിച്ചത് ഡോ. ജെ. പ്രസാദ് കൺവീനറും ഡോ. സി. രാജേന്ദ്രൻ, ഡോ. കെ.വി. ശശി എന്നിവർ അംഗങ്ങളുമായ നിർവാ

ഡോ. സി. രാജേന്ദ്രൻ, ഡോ. കെ.വി. ശശി എന്നിവർ അംഗങ്ങളുമായ നിർവാഹകസമിതിയുടെ ഉപസമിതി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കും.

വിദ്യാർത്ഥി അധ്യാപകപ്രതിനിധികൾ അടങ്ങുന്ന മരംസംരക്ഷണ സമിതി രൂപീകരിക്കണം.

(ഭരണകാര്യാലയം - 'എ' സെക്ഷൻ)

ഇനം നമ്പർ: **2023.25**

വിഷയം: ഓൺലൈൻ സമഗ്രമലയാള ഭാഷാനിഘണ്ടുവിന്റെ പൂർത്തീകരിച്ചതുവരെയുള്ള സോഫ്റ്റ് കോപ്പി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് കൈമാറിയത് സംബന്ധിച്ച്

തീരുമാനം: പൊതുസഭയുടെ 2023.08 ഇനം തീരുമാനപ്രകാരം ഓൺലൈൻ സമഗ്രമലയാള ഭാഷാ നിഘണ്ടു ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് കൈമാറിയതുമായി ബന്ധപ്പെട്ട വിഷയം ഡോ. ജെ. പ്രസാദ് കൺവീനറും ഡോ. സി. രാജേന്ദ്രൻ, ഡോ. കെ.വി. ശശി എന്നിവർ അംഗങ്ങളുമായ നിർവാഹകസമിതിയുടെ ഉപസമിതി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കണം.

(ഭരണകാര്യാലയം - 'എ' സെക്ഷൻ)

ഇനം നമ്പർ: **2023.26**

വിഷയം: പരീക്ഷാകൺട്രോളറായിരുന്ന ഡോ. പി.എം. റെജിമോൻ തൽസ്ഥാനത്തുനിന്നും വിടുതൽ വാങ്ങി മാതൃസ്ഥാപനത്തിലേക്ക് പോയത് തിരികെ പ്രവേശിച്ചത് സംബന്ധിച്ച്

തീരുമാനം: ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പരീക്ഷാ കൺട്രോളറായിരുന്ന ഡോ. പി. എം. റെജിമോൻ തൽസ്ഥാനത്തുനിന്നു വിടുതൽ വാങ്ങി മാതൃസ്ഥാപനത്തിൽ പുനഃപ്രവേശിച്ചതു നിർവാഹകസമിതിയിൽ റിപ്പോർട്ട് ചെയ്യാതിരുന്ന സ്ഥിതിക്ക് വിഷയം അന്വേഷിച്ച് പൊതുസഭയിലേക്ക് റിപ്പോർട്ട് ചെയ്യണം.

(ഭരണകാര്യാലയം - 'ബി' സെക്ഷൻ)

ഇനം നമ്പർ: **2023.27**

വിഷയം: പരീക്ഷാകൺട്രോളറുടെ നിയമനം

തീരുമാനം: ഇതുസംബന്ധിച്ച് നിർവാഹകസമിതിയിൽ കൈക്കൊണ്ട തീരുമാനം നടപ്പാക്കുക.

(ഭരണകാര്യാലയം - 'ബി' സെക്ഷൻ)

ഇനം നമ്പർ: **2023.28**

വിഷയം: അക്ഷരം കാമ്പസിലെ ലൈബ്രറിയുടെ മുകളിലെ സെമിനാർഹാൾ വിദ്യാർത്ഥികളുടെ ഉപയോഗത്തിനായി വിട്ടുകൊടുക്കൽ സംബന്ധിച്ച്

തീരുമാനം: മികവുകേന്ദ്രത്തിലെ ക്ലാസ് / ഫാക്കൽറ്റി മുറികളുടെ നിർമാണം പൂർത്തീകരിക്കുന്നതോടെ അധികസൗകര്യം നൽകുന്നത് പരിഗണിക്കും.

(ഭരണകാര്യാലയം - 'ബി' സെക്ഷൻ)

ഇനം നമ്പർ: **2023.29**

വിഷയം: ഹോസ്റ്റൽ യാത്രക്കു ഔദ്യോഗിക വാഹനം ഉപയോഗപ്പെടുത്തിയിട്ടില്ലാത്ത വിദ്യാർത്ഥികളിൽ നിന്നും വസൂലാക്കിയ ബസ് ഫീസ് തിരികെ നൽകുന്നത് സംബന്ധിച്ച്

തീരുമാനം: വിഷയം പരിശോധിച്ച് യോഗ്യരായവർക്കു അധികമായി വാങ്ങിയ പണം തിരികെ നൽകുവാൻ നടപടി സ്വീകരിക്കുക. ഇതു സംബന്ധിച്ച് രേഖാമൂലം റിപ്പോർട്ട് സമർപ്പിക്കണം.

(ഭരണകാര്യാലയം - 'സി' സെക്ഷൻ)

ഇനം നമ്പർ: **2023.30**

വിഷയം: മുൻപൊതുസഭാ തീരുമാനങ്ങളുടെ തുടർനടപടികളുടെ റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്

തീരുമാനം: മുൻതീരുമാനങ്ങളുടെ തുടർനടപടികൾ സഭയിൽ അവതരിപ്പിക്കും.

ഇനം നമ്പർ: **2023.31**

വിഷയം: യോഗ്യരായ വിദ്യാർത്ഥികളുടെ ഡിഗ്രി സർട്ടിഫിക്കറ്റുകൾ യഥാസമയം വിതരണം ചെയ്യുന്നത് സംബന്ധിച്ച്

തീരുമാനം: യോഗ്യരായ വിദ്യാർത്ഥികളുടെ ഡിഗ്രി സർട്ടിഫിക്കറ്റുകൾ യഥാസമയം വിതരണം ചെയ്യണം.

(പരീക്ഷാഭവൻ)

ഇനം നമ്പർ: **2023.32**

വിഷയം: 2019 ൽ ഗവേഷണപ്രവേശനം നേടിയ വിദ്യാർത്ഥികളുടെ മുടങ്ങികിടക്കുന്ന സർവകലാശാല ഫെലോഷിപ്പ് നേടിയെടുക്കുന്നതിനുള്ള പ്രവർത്തനം സംബന്ധിച്ച്

തീരുമാനം: 2019 ൽ ഗവേഷണപ്രവേശനം നേടിയ വിദ്യാർത്ഥികളുടെ മുടങ്ങികിടക്കുന്ന സർവകലാശാല ഫെലോഷിപ്പ് നേടിയെടുക്കുന്നതിനുള്ള പ്രവർത്തനം ത്വരിതപ്പെടുത്തും.

(ഭരണകാര്യാലയം - സി സെക്ഷൻ)

ഇനം നമ്പർ: **2023.33**

വിഷയം: മുടക്കംവന്ന ഇ-ഗ്രാന്റ് സംബന്ധിച്ച വിശദമായ റിപ്പോർട്ട്

തീരുമാനം: പൊതുസഭയുടെ 28-ാമത് യോഗത്തിലെ 2023.10 ഇനം തീരുമാനപ്രകാരം മുടക്കംവന്ന ഇ-ഗ്രാന്റ് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കണം.

(ഭരണകാര്യാലയം – 'സി' സെക്ഷൻ)

ഇനം നമ്പർ: **2023.34**

വിഷയം: നിർവാഹകസമിതി / പൊതുസഭ യോഗവേളയിൽ ആവശ്യപ്പെടുന്ന പക്ഷം സ്റ്റാറ്റ്യൂട്ടറി ഉദ്യോഗസ്ഥർ ഹാജരാകുന്നത് സംബന്ധിച്ച്

തീരുമാനം: നിർവാഹകസമിതി / പൊതുസഭ യോഗവേളയിൽ ആവശ്യപ്പെടുന്ന പക്ഷം സ്റ്റാറ്റ്യൂട്ടറി ഉദ്യോഗസ്ഥർ ഹാജരാകണം.

(ഭരണകാര്യാലയം - 'ബി' സെക്ഷൻ)

ഇനം നമ്പർ: **2023.35**

വിഷയം: RTI സംബന്ധമായ ഔദ്യോഗിക വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാക്കുന്നത് സംബന്ധിച്ച്

തീരുമാനം: സർവകലാശാല വെബ്സൈറ്റിൽ RTI സംബന്ധമായ ഔദ്യോഗിക വിവരങ്ങൾ ലഭ്യമാക്കണം

(ഭരണകാര്യാലയം - 'എ' സെക്ഷൻ)

ഇനം നമ്പർ: **2023.36**

വിഷയം: പരിസ്ഥിതി പഠനസ്കൂൾ ലാബ്ഫീസ് സംബന്ധിച്ച്

തീരുമാനം: പരിസ്ഥിതി പഠനസ്കൂൾ ലാബ്ഫീസ് സംബന്ധിച്ച് നിർവാഹകസമിതി തീരുമാനം നടപ്പാക്കണം.

യോഗം 12.30 ന് അവസാനിച്ചു.

രജിസ്ട്രാർ

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം - 676 502

# പണ്ഡിതസഭയുടെ ഇരുപത്തിയാറാമത് യോഗതീരുമാനങ്ങൾ

(അടിയന്തിര യോഗം)

**തിരൂർ, 2023 ഫെബ്രുവരി 28, രാവിലെ 10.30 ന്**

പങ്കെടുത്തവർ:

1. ഡോ. അനിൽ വള്ളത്തോൾ (വൈസ് ചാൻസലർ) (അദ്ധ്യക്ഷൻ)
2. ഡോ. പ്രജിത് ചന്ദ്രൻ (രജിസ്ട്രാർ)
3. കലാമണ്ഡലം പ്രഭാകരൻ (ഓൺലൈൻ)
4. കലാമണ്ഡലം ഹൈമവതി (ഓൺലൈൻ)
5. ഡോ. ഗോവിന്ദവർമരാജ (ഓൺലൈൻ)
6. ഡോ. കർണമഹാരാജൻ (ഓൺലൈൻ)
7. ശ്രീ സി. രാധാകൃഷ്ണൻ
8. ഡോ. കെ.എസ്. രാഗിണി
9. ഡോ. മഞ്ജുഷ ആർ. വർമ
10. ഡോ. സ്വപ്നറാണി എസ്.എസ്.
11. ഡോ. സുധീർ എസ്. സലാം
12. ഡോ. അശോക് ഡിക്രൂസ്
13. ഡോ. ഇ. രാധാകൃഷ്ണൻ
14. ഡോ. മല്ലിക എം.ജി.
15. ഡോ. കെ.എം. അനിൽ
16. ഡോ. സി. സെയ്തലവി
17. ഡോ. ധന്യ ആർ.

യോഗം രാവിലെ 10.30 ന് ആരംഭിച്ചു.

## തീരുമാനങ്ങൾ

ഇനം നമ്പർ: **2023.01**

വിഷയം: കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുമായി MoU ഒപ്പുവെക്കുന്നത് സംബന്ധിച്ച്

തീരുമാനം: കേരളസംസ്ഥാന ചലച്ചിത്ര അക്കാദമിയുമായി MoU ഒപ്പു വെക്കുന്ന കാര്യം പണ്ഡിതസഭ പരിഗണിക്കുകയും സ്റ്റാന്റിങ് കോൺസലിന്റെ അഭിപ്രായം കണക്കിലെടുത്ത് MoU അംഗീകരിക്കുകയും ചെയ്തു. മീഡിയാ ഫാക്കൽറ്റിയുടെ കീഴിൽ പഠനം നടത്തിക്കൊണ്ടിരിക്കുന്ന ജേണലിസം വിദ്യാർത്ഥികൾക്കു കൂടി പ്രയോജനപ്പെടുന്ന വ്യവസ്ഥകൾ MoU വിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

(2018/എ1/2022/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2023.02**

വിഷയം: എം.എസ്.സി. പരിസ്ഥിതിപഠന കോഴ്സിലേക്ക് പ്രവേശനയോഗ്യത സയൻസ് ബിരുദമായി നിശ്ചയിക്കുന്നതിന് പരിസ്ഥിതിപഠന സ്കൂൾ കൗൺസിൽ തീരുമാനം പരിഗണിക്കുന്നത് സംബന്ധിച്ച്

തീരുമാനം: എം.എസ്.സി. പരിസ്ഥിതിപഠന കോഴ്സിലേക്ക് പ്രവേശനയോഗ്യത സയൻസ് ബിരുദമായി നിശ്ചയിക്കുന്നതിന് പരിസ്ഥിതിപഠന സ്കൂൾ കൗൺസിൽ തീരുമാനം പരിഗണിക്കുന്ന കാര്യം പണ്ഡിതസഭ ചർച്ച ചെയ്തു. എം.എസ്.സി. പരിസ്ഥിതിപഠനകോഴ്സിന് യോഗ്യതയായി ഏതെല്ലാം കോഴ്സുകൾ നിശ്ചയിക്കാം എന്നു പരിശോധിച്ച് അക്കാദമിക് കൗൺസിലിന്റെ അടുത്ത യോഗത്തിൽ പരിഗണിക്കാൻ മാറ്റിവെച്ചു.

(2081/എ1/അക്കാദമികം - ഭരണവിഭാഗം)

ഇനം നമ്പർ: **2023.03**

വിഷയം: എം.എ. താരതമ്യസാഹിത്യ-വിവർത്തനപഠനത്തിന്റെ സിലബസ് അംഗീകരിക്കുന്നത് സംബന്ധിച്ച്

തീരുമാനം: എം.എ. താരതമ്യസാഹിത്യ - വിവർത്തനപഠനത്തിന്റെ സിലബസ് അംഗീകരിക്കുന്ന വിഷയം പണ്ഡിതസഭ പരിഗണിച്ചു.

എം.എ. താരതമ്യസാഹിത്യ - വിവർത്തനപഠനം പ്രോഗ്രാമിന്റെ സിലബസ് അംഗീകരിച്ചു.

(3701/2019/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2023.04**

വിഷയം: ചരിത്രപഠനസ്കൂൾ ജേണൽ പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള വൈസ് ചാൻസലറുടെ നടപടി റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്

തീരുമാനം: ചരിത്രപഠനസ്കൂൾ ജേണൽ പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള വൈസ് ചാൻസലറുടെ നടപടി യോഗം അംഗീകരിച്ചു.

(2051/2021/പ്രസിദ്ധീകരണം - പ്രസിദ്ധീകരണവിഭാഗം)

ഇനം നമ്പർ: **2023.05**

വിഷയം: സർവകലാശാലയിലെ പഠനസ്കൂളുകൾക്ക് ജേണലുകൾ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടിയുള്ള അനുമതി

തീരുമാനം: സർവകലാശാലയിലെ പഠനസ്കൂളുകൾക്ക് ജേണലുകൾ പ്രസിദ്ധീകരിക്കുന്ന വിഷയം പണ്ഡിതസഭ വിശദമായി പരിശോധിച്ചു.

മലയാളസർവകലാശാല പുറത്തിറക്കുന്ന ജേണലുകൾ എന്ന നിലക്ക് മലയാളസർവകലാശാലയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിന് മലയാളഭാഷയിലായിരിക്കണം ജേണലുകൾ പുറത്തിറക്കേണ്ടത്.

(2051/2021/പ്രസിദ്ധീകരണം - പ്രസിദ്ധീകരണവിഭാഗം)

ഇനം നമ്പർ: **2023.06**

വിഷയം: ജർമൻഭാഷ സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിക്കുന്നത് സംബന്ധിച്ച്

തീരുമാനം: ജർമൻഭാഷാ സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിക്കാൻ തീരുമാനിച്ചു.

(650/എ1/2023/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2023.07**

വിഷയം: ഗവേഷണച്ചട്ടത്തിൽ അനുയോജ്യമായ മാറ്റങ്ങൾ വരുത്തി പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ശുപാർശകളും പരിഗണിക്കുന്നത് സംബന്ധിച്ച്

തീരുമാനം: ഗവേഷണച്ചട്ടങ്ങൾ പരിഷ്കരിക്കുന്നതിന് ഡോ. കെ.എം. അനിൽ, ഡോ. അശോക് ഡിക്രൂസ്, ഡോ. സി. സെയ്തലവി, ഡോ. സുധീർ എസ്. സലാം, ഡോ. മല്ലിക എം.ജി. ഉൾപ്പെടുന്ന കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു.

(2837/എ4/2019/അക്കാദമികം - ഭരണവിഭാഗം)

ഇനം നമ്പർ: **2023.08**

വിഷയം: അക്കാദമിക് കൗൺസിൽ വിപുലീകരിക്കുന്നത് സംബന്ധിച്ച്

തീരുമാനം: താഴെപറയുന്നവരെ കൂടി ഉൾപ്പെടുത്തി അക്കാദമിക് കൗൺസിൽ വിപുലീകരിക്കാൻ തീരുമാനിച്ചു.

1. ഡോ. അരുണ പി.കെ.
2. ഡോ. ടി.കെ. നാരായണൻ
3. ഡോ. ആർ.വി.എം. ദിവാകരൻ
4. ഡോ. ഖദീജ മുംതാസ്
5. കലാമണ്ഡലം വിമലാമേനോൻ
6. ഡോ. സുനിൽ പി ഇളയിടം
7. അശ്വതി വി നായർ
8. ഡോ. ജെ. പ്രസാദ്
9. ഡോ. എൻ.പി. ചന്ദ്രശേഖരൻ
10. ഡോ. ശശിധരൻ ക്ലാരി
11. പി.ടി. കുഞ്ഞിമുഹമ്മദ്
12. ഫാദർ പോൾ പൂവത്തിങ്കൽ
13. ഡോ. ടി.എം. തോമസ് ഐസക്
14. ഡോ. കെ. ഗോപാലൻകുട്ടി
15. ഡോ. അസീസ് പി.എ.
16. ഡോ. ജോണി സി ജോസഫ്

യോഗം ഉച്ചക്ക് 12.30 ന് അവസാനിച്ചു.

രജിസ്ട്രാർ
23/03/23

തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല
വാക്കാട്, മലപ്പുറം - 676 502

# ഗവേഷണസഭ
## പതിനാറാമത് യോഗതീരുമാനങ്ങൾ

അക്ഷരം കാമ്പസ്, തിരൂർ
2022 മാർച്ച് 4, രാവിലെ 10.30

പങ്കെടുത്തവർ

1. ഡോ. അനിൽ വള്ളത്തോൾ (വൈസ് ചാൻസലർ)
2. ഡോ. സി. രാജേന്ദ്രൻ
3. ഡോ. സി.പി. അച്യുതനുണ്ണി
4. ഡോ. കെ.ജി. പൗലോസ്
5. പൊൻകുന്നം എ.എം. രാമചന്ദ്രൻ
6. ഡോ. ടി. ബി. വേണുഗോപാലപണിക്കർ
7. കലാമണ്ഡലം ഹൈമവതി
8. ഡോ. കർണമഹാരാജൻ
9. ഡോ. പി.കെ. പോക്കർ
10. ഡോ. ലിസ്സി മാത്യു
11. ഡോ. ചാക്കപ്പൻ. സി.ഡി
12. ഡോ. കെ.എം. ഭരതൻ
13. ഡോ. സ്മിത കെ. നായർ (ഡയറക്ടർ ഭാഷാശാസ്ത്രപഠന സ്കൂൾ)
14. ഡോ. രോഷ്നി സ്വപ്ന (ഡയറക്ടർ സാഹിത്യപഠനസ്കൂൾ)
15. ഡോ. അശോക് ഡിക്രൂസ് (ഡയറക്ടർ സാഹിത്യരചന സ്കൂൾ)
16. ഡോ. കെ.എസ്. രാഗിണി (ഡയറക്ടർ മാധ്യമപഠന സ്കൂൾ)
17. ഡോ. ശ്രീജ എൽ.ജി. (ഡയറക്ടർ ചരിത്രപഠന സ്കൂൾ)
18. ഡോ. ജി. സജിന (ഡയറക്ടർ സംസ്കാരപൈതൃകപഠന സ്കൂൾ)
19. ഡോ. സുന്ദരരാജ് ടി. (ഡയറക്ടർ സോഷ്യോളജി സ്കൂൾ)
20. ഡോ. ധന്യ ആർ. (ഡയറക്ടർ പരിസ്ഥിതിപഠന സ്കൂൾ)
21. ഡോ. മല്ലിക എം.ജി. (ഡയറക്ടർ വികസനപഠന സ്കൂൾ)
22. ഡോ. സുധീർ എസ്. (ഡയറക്ടർ ചലച്ചിത്രപഠന സ്കൂൾ)
23. ഡോ. അനിൽ കെ.എം. (ഡയറക്ടർ എഴുത്തച്ഛൻപഠന സ്കൂൾ)

രജിസ്ട്രാർ ഇൻ ചാർജ് ഡോ. റെജിമോൻ പി.എം. യോഗത്തിൽ സന്നിഹിതനായിരുന്നു.

## തീരുമാനങ്ങൾ

**ഇനം നമ്പർ: 2022.01**

**വിഷയം:** സംസ്കാരപൈതൃകപഠന സ്കൂളിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. ശശി കെ.വി., സോഷ്യോളജി സ്കൂളിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. സുന്ദരരാജ് ടി., വികസനപഠന സ്കൂളിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. മല്ലിക എം.ജി. എന്നിവർക്ക് ഗവേഷണ മാർഗദർശിത്വം നൽകുന്നത് - സംബന്ധിച്ച്.

**തീരുമാനം:** ഡോ. ശശി കെ.വി., ഡോ. സുന്ദരരാജ് ടി., ഡോ. മല്ലിക എം.ജി. എന്നിവരെ ഗവേഷണമാർഗദർശികളായി അംഗീകരിച്ചു.

1990/പിഎച്ച്.ഡി./ജനറൽ/2021 - ഭരണവിഭാഗം

**ഇനം നമ്പർ: 2022.02**

**വിഷയം:** ചരിത്രപഠന സ്കൂളിലെ എം.ഫിൽ ഗവേഷക സുജിത കെ. യുടെ മാർഗദർശിയായി ഡോ. ശ്രീജ എൽ. ജി. യെ നിയമിച്ച നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച്.

**തീരുമാനം:** ശ്രീമതി സുജിത കെ. എന്ന എം.ഫിൽ ഗവേഷകയുടെ മാർഗദർശിയായി 21.01.2022 ലെ 1990/പിഎച്ച്.ഡി./ജനറൽ/2021 എന്ന ഉത്തരവ് പ്രകാരം, ചരിത്രപഠനസ്കൂളിലെ അസിസ്റ്റന്റ് പ്രൊഫസറായ ഡോ. ശ്രീജ എൽ.ജി.യെ നിയോഗിച്ച വൈസ് ചാൻസലറുടെ നടപടി സഭ സാധൂകരിച്ചു.

1990/പിഎച്ച്.ഡി./ജനറൽ/2021 - ഭരണവിഭാഗം

**ഇനം നമ്പർ: 2022.03**

**വിഷയം:** പരിസ്ഥിതിപഠന സ്കൂളിലെ പിഎച്ച്.ഡി. ഗവേഷകൻ ശ്രീ നജ്മുദ്ദീൻ സി. യുടെ സഹമാർഗദർശിയായി വികസനപഠന സ്കൂളിലെ ഡോ. ശ്രീരാജ് എ.പി.യെ നിയമിക്കുന്നത് സംബന്ധിച്ച ഡോക്ടറൽ കമ്മിറ്റിയുടെ ശുപാർശ പരിഗണിക്കുന്നത് - സംബന്ധിച്ച്.

**തീരുമാനം:** ഗവേഷണ വിഷയത്തിന്റെ അന്തർവൈജ്ഞാനിക സ്വഭാവം കണക്കിലെടുത്ത് വികസനപഠന സ്കൂളിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. ശ്രീരാജ് എ.പി.യെ ശ്രീ നജ്മുദ്ദീൻ സി.യുടെ സഹമാർഗദർശിയായി നിയമിക്കണമെന്ന ഡോക്ടറൽ കമ്മിറ്റിയുടെ ശുപാർശ സഭ അംഗീകരിച്ചു.

2559/പിഎച്ച്.ഡി./സി.ജി./2022 - ഭരണവിഭാഗം

**ഇനം നമ്പർ: 2022.04**

**വിഷയം:** മലയാളസർവ്വകലാശാല നിലവിലുള്ള ഗവേഷണ ചട്ടത്തിൽ (2019) കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നത് - സംബന്ധിച്ച്.

**തീരുമാനം:** 2019 ലെ ഗവേഷണ ചട്ടങ്ങളിൽ തിരുത്തലുകൾ/മാറ്റങ്ങൾ വരുത്തി തയ്യാറാക്കിയ 2022 ലെ കരട് ഗവേഷണ ചട്ടത്തിന് അന്തിമരൂപം നൽകുന്നതിന് വൈസ് ചാൻസലർ, ഡോ. കെ.എം. അനിൽ, ഡോ. കെ.എം. ഭരതൻ എന്നിവരടങ്ങിയ സമിതിയെ ചുമതലപ്പെടുത്തി. ചട്ടത്തിൽ എന്തെങ്കിലും മാറ്റങ്ങളോ കൂട്ടിച്ചേർക്കലുകളോ നിർദ്ദേശിക്കാനുണ്ടെങ്കിൽ ആയത് അതത് ഡയറക്ടർമാർ 20.03.2022 ന് മുമ്പായി ഡോ. കെ.എം. അനിലിന് സമർപ്പിക്കേണ്ടതാണെന്നു ഗവേഷണസഭ നിർദ്ദേശിച്ചു. അതിനുശേഷം അവ പരിശോധിച്ച് നിലവിലെ ചട്ടത്തിലെ വ്യവസ്ഥകളും അതിൽ വരുത്തേണ്ട മാറ്റങ്ങളും വെവ്വേറെ രേഖപ്പെടുത്തി പുതുക്കിയ ചട്ടത്തിന് കമ്മിറ്റി അന്തിമരൂപം നൽകേണ്ടതാണ്. അത് സർവകലാശാല ഗവേഷണസഭയിലെ അംഗങ്ങൾക്ക് അയച്ചുകൊടുത്ത് അവരുടെ അംഗീകാരം നേടി തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്നും സഭ തീരുമാനിച്ചു.

2837/എ4/2019/അക്കാദമികം - ഭരണവിഭാഗം

**ഇനം നമ്പർ: 2022.05**

**വിഷയം:** സംസ്കാരപൈതൃകപഠന സ്കൂളിലെ ഗവേഷകരുടെ പിഎച്ച്.ഡി. ബിരുദം പൈതൃകപഠന ഫാക്കൽറ്റിയിൽ ഗവേഷണ വിഷയത്തിന്റേയും എം.എ. യോഗ്യതയുടേയും സ്വഭാവം പരിഗണിച്ച് അനുയോജ്യമായ വിഷയം രേഖപ്പെടുത്തി നൽകണമെന്ന ഫാക്കൽറ്റി കൗൺസിലിന്റെ ശുപാർശ പരിഗണിക്കുന്നത് - സംബന്ധിച്ച്.

**തീരുമാനം:** സംസ്കാരപൈതൃകപഠന സ്കൂളിലെ ഗവേഷകരുടെ പിഎച്ച്.ഡി. ബിരുദം പൈതൃകപഠന ഫാക്കൽറ്റിയിൽ അവരുടെ ഗവേഷണ വിഷയത്തിന്റേയും, എം.എ. യോഗ്യതയുടേയും അടിസ്ഥാനത്തിൽ തദനുസൃതമായി വിഷയം രേഖപ്പെടുത്തി നൽകണമെന്ന ഫാക്കൽറ്റി കൗൺസിലിന്റെ ശുപാർശ സഭ അംഗീകരിച്ചു.

192/പിഎച്ച്.ഡി./2022/അക്കാദമികം - ഭരണവിഭാഗം

യോഗം ഉച്ചക്ക് ഒരു മണിക്ക് അവസാനിച്ചു.

രജിസ്ട്രാർ ഇൻ ചാർജ്

Sulekha
സെക്ഷൻ ഓഫീസർ.

തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**
വാക്കാട്, മലപ്പുറം - 676 502

# നിർവാഹകസമിതി
## അറുപത്തിരണ്ടാമത് യോഗതീരുമാനങ്ങൾ
**2023 ജൂലൈ 6 വ്യാഴാഴ്ച, രാവിലെ 11.30 മണിക്ക്**

പങ്കെടുത്തവർ:

1. ഡോ. സുഷമ എൽ. (വൈസ് ചാൻസലർ) (അദ്ധ്യക്ഷ)
2. ശ്രീ അനിൽകുമാർ വി.എസ്. (അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്)
3. ശ്രീമതി ടി. നിതാകുമാരി (സ്പെഷ്യൽ സെക്രട്ടറി, ധനകാര്യവകുപ്പ്)
4. ശ്രീമതി അപർണ (സെക്ഷൻ ഓഫീസർ, സാംസ്കാരികകാര്യ (സി) വകുപ്പ്)
5. ഡോ. ജെ. പ്രസാദ്
6. ഡോ. സി. രാജേന്ദ്രൻ
7. ഡോ. കെ.ജി. പൗലോസ്
8. ഡോ. കെ.വി. ശശി
9. ശ്രീ ആശിഷ് സുകു

ഡോ. പ്രജിത് ചന്ദ്രൻ (രജിസ്ട്രാർ) യോഗത്തിൽ സന്നിഹിതനായിരുന്നു.

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല നിർവാഹകസമിതിയുടെ 62-ാമത് യോഗം ബഹു. വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ ചേർന്നു. സമിതി അംഗങ്ങളെ യോഗത്തിലേക്ക് വൈസ് ചാൻസലർ ഹാർദമായി സ്വാഗതം ചെയ്തു. കഴിഞ്ഞ നിർവാഹകസമിതി യോഗത്തിനുശേഷം സർവകലാശാലയിൽ നാളിതുവരെ നടന്ന പ്രവർത്തനങ്ങളെക്കുറിച്ച് വൈസ് ചാൻസലർ റിപ്പോർട്ട് അവതരിപ്പിച്ചു. പുരസ്കാരങ്ങൾ നേടുകയും നേട്ടങ്ങൾ കൈവരിക്കുകയും ചെയ്ത മലയാളസർവകലാശാലയിലെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പേരുകൾ വൈസ് ചാൻസലർ യോഗത്തിൽ വായിച്ചു. യോഗം അവർക്ക് അഭിനന്ദനങ്ങളർപ്പിച്ചു. തുടർന്ന് യോഗം നടപടികളിലേക്കു കടന്നു.

<u>തീരുമാനങ്ങൾ</u>

ഇനം നമ്പർ: **2023.79**

വിഷയം: വൈസ് ചാൻസലറുടെ റിപ്പോർട്ട്

തീരുമാനം: ബഹു. വൈസ് ചാൻസലർ അവതരിപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചു.

ഇനം നമ്പർ: **2023.80**

വിഷയം: നിർവാഹകസമിതിയുടെ അറുപത്തിയൊന്നാമത് യോഗത്തിന്റെ തീരുമാനങ്ങൾ സ്ഥിരീകരിക്കുന്നത് സംബന്ധിച്ച്

തീരുമാനം: നിർവാഹകസമിതിയുടെ 61-ാമത് യോഗത്തിന്റെ തീരുമാനങ്ങൾ താഴെപറയുന്ന ഭേദഗതികളോടെ സ്ഥിരീകരിച്ചു.

2023.64 - തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ യുണീസ്പാർക്ക് നടപ്പാക്കുന്നത് സംബന്ധിച്ച തീരുമാനത്തിൽ ശ്രീ ഗീവർസൈമന്റെ പേരിനൊപ്പം അസിസ്റ്റന്റ് നോഡൽ ഓഫീസർ എന്ന് ചേർത്തത് ഒഴിവാക്കാനും നോഡൽ ഓഫീസറെ സഹായിക്കുന്നതിന് ശ്രീ ഗീവർ സൈമനെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

ഇനം നമ്പർ: **2023.81**

വിഷയം: മുൻതീരുമാനങ്ങളിലെ തുടർനടപടികൾ

തീരുമാനം: നിർവാഹകസമിതിയുടെ 61-ാമത് യോഗത്തിന്റെ തുടർനടപടികൾ താഴെപറയുന്ന നിർദ്ദേശങ്ങളോടെ സ്ഥിരീകരിച്ചു.

2023.54 - ജർമൻഭാഷ പഠിപ്പിക്കുന്നതിന് സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിക്കുന്നതിനായി നടപടി എടുത്തിട്ടുണ്ട്. ഭൗതികസൗകര്യങ്ങൾ, ക്ലാസ് മുറികൾ, ബോർഡ് ഓഫ് സ്റ്റഡീസ്, കോർഡിനേറ്ററായി അധ്യാപകനെ നിയമിക്കൽ, ജർമൻഭാഷാ പാണ്ഡിത്യമുള്ള ഒരധ്യാപകനെ നിയമിക്കൽ തുടങ്ങിയ നടപടികൾ ഏറ്റെടുക്കേണ്ടതുണ്ട്. കോഴ്സ് ആരംഭിക്കുന്നതിന് മുൻപേ സൗകര്യങ്ങൾ ഉറപ്പുവരുത്തണം; അക്കാദമിക് കൗൺസിലിന്റെ തീരുമാനാനുസൃതമായിരിക്കണം കോഴ്സ് നടത്തേണ്ടത്.

2023.56 - സ്റ്റാറ്റ്യൂട്ട് പ്രകാരം ജൂൺ 30 നു മുമ്പായിത്തന്നെ വാർഷികറിപ്പോർട്ട് സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ ഇത് ചെയ്തതായി കാണുന്നില്ല. നിശ്ചിതസമയത്തിനകം റിപ്പോർട്ട് തയ്യാറാക്കുന്നതിന് കാലതാമസമുണ്ടായത് അതീവ ഗൗരവതരമായി കാണണമെന്ന് നിർവാഹകസമിതി വിലയിരുത്തി. ജൂലൈ 20 നു മുമ്പായി എല്ലാ പ്രവർത്തനങ്ങളും പൂർത്തീകരിക്കുകയും വാർഷികറിപ്പോർട്ട് നിർവാഹകസമിതിയിൽ വയ്ക്കുകയും ചെയ്യണം. വാർഷിക റിപ്പോർട്ട് വൈകിയത് സംബന്ധിച്ച് പബ്ലിക്കേഷൻ ഓഫീസർ നിർവാഹകസമിതിയിൽ നേരിട്ട് ഹാജരായി വിശദീകരണം നൽകിയത് യോഗം പരിഗണിച്ചു. വാർഷികറിപ്പോർട്ടിലെ വിവരങ്ങൾക്ക് ആധികാരികത ഉണ്ടായിരിക്കണം. അതതു വകുപ്പുകളുടെ റിപ്പോർട്ടുകൾ ഉത്തരവാദിത്തമുള്ള ഉദ്യോഗസ്ഥർ / ഡയറക്ടർമാർ സാക്ഷ്യപ്പെടുത്തി ഒരാഴ്ചക്കുള്ളിൽ പബ്ലിക്കേഷൻ ഓഫീസർക്ക് കൈമാറണം. അടുത്ത വർഷം മുതൽ കാലതാമസം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

2023.57 - വാടക വർധന നൽകുന്നതോടൊപ്പം വിദ്യാർത്ഥികളുടെ പരാതികളും അസൗകര്യങ്ങളും പരിഹരിക്കുകയും അറ്റകുറ്റപണികൾ തീർക്കുകയും ചെയ്യുന്നതിന് കെട്ടിടഉടമ ശ്രദ്ധ ചെലുത്തുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുകയും വേണം.

2023.58 - സർട്ടിഫിക്കറ്റ് സർവകലാശാലയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രതിഫലിപ്പിക്കുന്നതായിരിക്കണം. സർട്ടിഫിക്കറ്റുകളുടെ പൂർണസുരക്ഷിതത്വവും സുതാര്യതയും ഉറപ്പുവരുത്തണം. സർട്ടിഫിക്കറ്റുകളുടെ മാതൃക ഉണ്ടാക്കി സമയബന്ധിതമായി പ്രിന്റ് ചെയ്യാനുള്ള നടപടിയുണ്ടാകണം. പഴയ സർട്ടിഫിക്കറ്റുകൾ എണ്ണിത്തിട്ടപ്പെടുത്തി സീൽ ചെയ്ത് സൂക്ഷിക്കണം. ഡിജിറ്റൈസേഷൻ പൂർത്തീകരിക്കുന്നതിലുണ്ടായ കാലതാമസം യോഗം ചർച്ച ചെയ്തു. ഇപ്പോഴുള്ള സാങ്കേതിക ജീവനക്കാർക്ക് ഡിജിറ്റൈസേഷൻ

പൂർത്തീകരിക്കാൻ കഴിയാത്ത പക്ഷം വൈദഗ്ദ്ധ്യമുള്ള സാങ്കേതിക ജീവനക്കാരെ നിയോഗിക്കുകയും നിലവിലുള്ളവർക്ക് പരിശീലനം നൽകികൊണ്ട് ഡിജിറ്റൈസേഷൻ പൂർത്തീകരിക്കുകയും വേണം. സോഫ്റ്റ്‌വെയർ ലഭ്യമാക്കുന്നതിന് ശ്രദ്ധ ചെലുത്തണം. മലയാളവും ഇംഗ്ലീഷും വരുന്ന രീതിയിലായിരിക്കണം സർട്ടിഫിക്കറ്റ് മാതൃക തയ്യാറാക്കേണ്ടത്.

2023.59 - സ്റ്റാന്റിങ് കോൺസലിന്റെ നിയമോപദേശം സ്വീകരിച്ച് തുടർനടപടികൾ സ്വീകരിക്കാം.

2023.61 - പരിസ്ഥിതിപഠനം 2021-23, 2022-24 എന്നീ രണ്ട് ബാച്ച് വിദ്യാർത്ഥികൾ ഇവിടെത്തന്നെ ഇന്റേൺഷിപ്പ് ചെയ്യുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ അപേക്ഷയും സ്കൂളുകളുടെ ശുപാർശയും പരിശോധിച്ച് ഫീസ് തിരിച്ചുനൽകുന്ന കാര്യത്തിൽ തീരുമാനം നടപ്പിലാക്കാൻ വൈസ് ചാൻസലറെ യോഗം ചുമതലപ്പെടുത്തി.

2023.62 - തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ വിവിധ തസ്തികകളിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന വിരമിച്ച ജീവനക്കാരുടെ നിയമനം സർക്കാർ ഉത്തരവ് പ്രകാരമല്ലാത്തതിനാൽ സർക്കാരിലേക്ക് എഴുതേണ്ടതാണ്.

2023.63 - ജീവനക്കാരുടെ ഇ.പി.എഫ്. അംഗത്വവുമായി ബന്ധപ്പെട്ട് ഇ.പി.എഫ്. അധികാരികളെ സന്ദർശിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

2023.70 - വിവരാവകാശനിയമപ്രകാരം ബോർഡ് സ്ഥാപിക്കുന്നതിന് ഉത്തരവിറക്കിയ സാഹചര്യത്തിൽ ബോർഡ് സ്ഥാപിക്കാനുള്ള സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

2023.72 - ജെ.ആർ.എഫ്. നേടി ഗവേഷണത്തിന് ചേർന്ന വിദ്യാർത്ഥികൾക്ക് 2022 ലെ ഗവേഷണചട്ടങ്ങളാണോ, അതോ മുൻചട്ടങ്ങളാണോ ബാധകമാക്കുന്നത് എന്ന് പരിശോധിക്കണം.

2023.74 - ധനകാര്യവിഭാഗത്തിലെ ധനവിനിയോഗസ്ഥിതി അവലോകനം ചെയ്യുന്നതിന് ഉടനടി യോഗം ചേരണം.

2023.75 - വൈസ് ചാൻസലർ കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് സ്ഥാനം ഒഴിയണമെന്ന ബഹു. ചാൻസലറുടെ ഉത്തരവിനെതിരെ ഫയൽ ചെയ്ത കേസിൽ അഡ്വ. രഘുരാജനു നൽകിയ വക്കീൽ ഫീസ് സംബന്ധിച്ച് സർക്കാരിന്റെ അനുമതിക്കായി സർവകലാശാലയിൽ നിന്ന് എഴുതിയ കത്തിന്റെ പകർപ്പ് ഫിനാൻസ് സെക്രട്ടറി ശ്രീമതി നിതാകുമാരിക്ക് കൈമാറാൻ നിർവാഹകസമിതി കൈക്കൊണ്ടിട്ടുള്ള തീരുമാനം നടപ്പിലാക്കേണ്ടതാണ്.

മറ്റ് നിർദ്ദേശങ്ങൾ:

1. അനധികൃതമായി ജോലിക്ക് ഹാജരാകാത്ത ജീവനക്കാരന് നോട്ടീസ് നൽകുകയും ഹാജരായി വിശദീകരണം നൽകാത്തപക്ഷം അദ്ദേഹത്തിനെതിരെ അച്ചടക്കനടപടികൾ സ്വീകരിച്ച് സേവനം അവസാനിപ്പിക്കേണ്ടതാണ്. ഇത്തരത്തിലുള്ള അടിയന്തിര സാഹചര്യത്തിൽ ബദൽ നിയമനം നടത്താനുള്ള നടപടികൾ വൈസ് ചാൻസലർക്ക് കൈക്കൊള്ളാവുന്നതാണ്.

3. വനിതാഹോസ്റ്റലിലേക്ക് മേട്രനായി ശ്രീമതി അനശ്വരയെ നിയമിച്ച നടപടി യോഗം അംഗീകരിച്ചു.

ഇനം നമ്പർ: **2023.82**

വിഷയം: തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല വിവിധ പഠനസ്കൂളുകളിലേക്ക് 2023-24 അക്കാദമിക വർഷത്തിൽ അതിഥി അദ്ധ്യാപകരെ നിയമിക്കുന്നതിന് കെ.എസ് & എസ്.എസ്.ആർ. പ്രകാരമുള്ള റിസർവ്വേഷൻ നടപ്പിലാക്കുന്നതിനും, നിയമനരീതി തീരുമാനിക്കുന്നതും സംബന്ധിച്ച്.

തീരുമാനം: മൂന്ന് സ്കൂളുകളിൽ അതിഥി അദ്ധ്യാപകരുടെ നിയമനത്തിനായി തയ്യാറാക്കിയ റാങ്ക്‌ലിസ്റ്റ് അംഗീകരിച്ചു. നിയമനം നടത്തുന്നത് സംവരണതത്വങ്ങൾക്ക് വിധേയമായിട്ടായിരിക്കണം. ഇതിനായി എല്ലാ സ്കൂളുകളേയും ചേർത്ത് ഒഴിവുകൾ പൂൾ ചെയ്ത് റിസർവേഷൻ നടപ്പാക്കണം. സ്കൂളുകൾ സ്ഥാപിച്ച വർഷം, തീയതി, സമയക്രമം മേൽപ്രകാരം സംവരണത്തിനായി മുൻഗണനാക്രമം പാലിക്കുന്നതിന് കണക്കാക്കാവുന്നതാണ്. താൽകാലികമായ നിയമനത്തിന് പ്രത്യേക ഊഴം രജിസ്റ്റർ സൂക്ഷിക്കണം. അതിഥി അദ്ധ്യാപകനിയമനം കരാർ അടിസ്ഥാനത്തിലേക്ക് മാറ്റണമെന്ന നിർദ്ദേശം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(593/എ6/2020/അഡ്മിൻ/വാല്യം III - ഭരണവിഭാഗം)

ഇനം നമ്പർ: **2023.83**

വിഷയം: (1) മലയാളസർവകലാശാലയുടെ പുതിയ കാമ്പസിൽ കെട്ടിടം നിർമിക്കുന്നതിന് 20 കോടി രൂപക്കുള്ള സർക്കാർ ഭരണാനുമതി ലഭിച്ചതിനാൽ കെട്ടിടനിർമാണപ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിനുള്ള അനുമതി നൽകുന്നതിനും (2) കെട്ടിടസമുച്ചയത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ ചെയ്യുന്നതിന് സർവകലാശാല എഞ്ചിനീയർ സമർപ്പിച്ച പ്രൈസിൽ തയ്യാറാക്കിയ 6,91,000/- രൂപക്കുള്ള എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതുമായ വിഷയങ്ങൾ പരിഗണിക്കുന്നത് സംബന്ധിച്ച്.

തീരുമാനം: സർവകലാശാലയുടെ പുതിയ ക്യാമ്പസിൽ നിർമിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ ചെയ്യുന്നതിന് സർവകലാശാല എഞ്ചിനീയർ സമർപ്പിച്ച പ്രൈസിൽ തയ്യാറാക്കിയ 6,91,000/- രൂപക്കുള്ള എസ്റ്റിമേറ്റിന് ഭരണാനുമതി നൽകാൻ തീരുമാനിച്ചു.

സർവകലാശാല എഞ്ചിനീയർ രാജി വെച്ചതായി നിർവാഹകസമിതിയിൽ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ, എഞ്ചിനീയറുടെ രാജി തത്കാലം സ്വീകരിക്കേണ്ടതില്ല. അദ്ദേഹത്തിന്റെ സേവനം തുടർന്നും ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളാൻ വൈസ് ചാൻസലറുടെ നേതൃത്വത്തിൽ ഡോ. ജെ. പ്രസാദ്, ഡോ. കെ.വി. ശശി എന്നിവരടങ്ങിയ സമിതിയെ ചുമതലപ്പെടുത്തി.

(2059/2023/എ.എ.6. - ഭരണവിഭാഗം)

ഇനം നമ്പർ: **2023.84**

വിഷയം: പദ്ധതിയേതര ഇനത്തിൽ അധിക ധനസഹായം അനുവദിക്കുന്നത് സർക്കാരിനോട് ശുപാർശ ചെയ്യുന്നത് സംബന്ധിച്ച്.

തീരുമാനം: സംസ്ഥാന ബജറ്റിൽ സർക്കാർ വകയിരുത്തിയ 533.50 ലക്ഷം രൂപക്കു പുറമേ 650 ലക്ഷം രൂപ അധികധനസഹായമായി ആവശ്യപ്പെടുന്നതിന് സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് കത്ത് നൽകാൻ തീരുമാനിച്ചു.

(10/2022/ഫിൻ - ഫിനാൻസ് വിഭാഗം)

ഇനം നമ്പർ: **2023.85**

വിഷയം: 21.06.2023 ന് ചേർന്ന ധനകാര്യകമ്മിറ്റിയുടെ മിനുട്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്.

തീരുമാനം: അംഗീകരിച്ചു.

(324/2019/ഫിൻ - ഫിനാൻസ് വിഭാഗം)

ഇനം നമ്പർ: **2023.86**

വിഷയം: ധനകാര്യ കമ്മിറ്റി അംഗീകരിച്ച 2022-23 സാമ്പത്തിക വർഷത്തെ കണക്കുകൾ നിർവാഹക സമിതി അംഗീകരിക്കുന്നത് സംബന്ധിച്ച്.

തീരുമാനം: അംഗീകരിച്ചു.

ധനകാര്യ കമ്മിറ്റി അംഗീകരിച്ച 2022-23 സാമ്പത്തിക വർഷത്തെ കണക്കുകൾ അംഗീകരിച്ചു. വാർഷികകണക്കുകൾ മലയാളത്തിൽ അവതരിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(2832/2019/ഫിൻ - ഫിനാൻസ് വിഭാഗം)

ഇനം നമ്പർ: **2023.87**

വിഷയം: എൻ.എ.ഡി/എ.ബി.സി. സർവകലാശാലയിൽ നടപ്പാക്കുന്നത് സംബന്ധിച്ച്

തീരുമാനം: അംഗീകരിച്ചു.

(444/2022/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2023.88**

വിഷയം: യു.ജി.സി. റെഗുലേഷന്റെയും ബഹു. വൈസ് ചാൻസലറുടെ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ മലയാളസർവകലാശാലയിൽ വിദ്യാർത്ഥി പരാതിപരിഹാരസമിതി (Student Grievance Cell) രൂപീകരിക്കുന്നത് സംബന്ധിച്ച്.

തീരുമാനം: യു.ജി.സി.യുടെ 2023 റെഗുലേഷൻ പ്രകാരം വിദ്യാർത്ഥികളുടെ പരാതികൾ പരിഹരിക്കുന്നതിനായി മലയാളസർവകലാശാലയിൽ യു.ജി.സി.യുടെ നിർദ്ദേശപ്രകാരം വിദ്യാർത്ഥികളുടെ പരാതിപരിഹാര സമിതി (Student Grievance Cell) രൂപീകരിക്കാനും അപ്പീൽ സംവിധാനമായ ഓംബുഡ്സ്മാനെ നിയമിക്കാനും തീരുമാനിച്ചു.

(617/2018/രജി - ഭരണവിഭാഗം)

ഇനം നമ്പർ: **2023.89**

വിഷയം: ചരിത്രപഠന സ്കൂൾ അസിസ്റ്റന്റ് പ്രൊഫസറായ ഡോ.മഞ്ജുഷ.ആർ.വർമ്മയുടെ മുൻകാല സർവ്വീസ് പെൻഷന് പരിഗണിക്കുന്നത് സംബന്ധിച്ച്.

തീരുമാനം: നിർവാഹകസമിതിയുടെ അടുത്ത യോഗത്തിലേക്ക് മാറ്റിവെച്ചു.

(700/എ5/2023/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2023.90**

വിഷയം: തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല പരീക്ഷാ കൺട്രോളർ പദവിയിൽ നിന്നും ഡോ. റെജിമോൻ.പി.എം. നെ 14-02-2023 ന് വിടുതൽ ചെയ്ത വിവരം റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്.

തീരുമാനം: സാധുകരിച്ചു.

(924/ബി1/2020/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2023.91**

വിഷയം: ഭിന്നശേഷിക്കാർക്ക് ബിരുദാനന്തരബിരുദ കോഴ്സുകൾക്ക് സീറ്റ് വർദ്ധന വരുത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് നടപ്പാക്കിയത് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച്

തീരുമാനം: അംഗീകരിച്ചു.

(1800/2018/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2023.92**

വിഷയം: സർവകലാശാല അദ്ധ്യാപകനിയമനത്തിനുള്ള പ്രായപരിധി നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് സർവകലാശാലയിൽ നടപ്പാക്കുന്നതും ഉത്തരവനുസരിച്ചുള്ള വ്യവസ്ഥകൾ സർവകലാശാല സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്തുന്നതും സംബന്ധിച്ച്

തീരുമാനം: അസിസ്റ്റന്റ് പ്രൊഫസർ നിയമനത്തിനുള്ള ഉയർന്ന പ്രായപരിധി 50 വയസ്സായി നിശ്ചയിച്ചുകൊണ്ടുള്ള 11-04-2023 ലെ സ.ഉ. (അച്ചടി) നം: 4/2023/ഉ.വി.വ. എന്ന സർക്കാർ ഉത്തരവ് സർവകലാശാലയിൽ നടപ്പിലാക്കാൻ തീരുമാനിച്ചു.

(1659/2020/എ.എ.ഒ. - ഭരണവിഭാഗം)

ഇനം നമ്പർ: **2023.93**

വിഷയം: സർവ്വകലാശാലയിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന വിരമിച്ച ജീവനക്കാരുടെ വേതന വർദ്ധനവ് വിഷയത്തിൽ 21-06-2023 ലെ ധനകാര്യകമ്മറ്റി ശുപാർശ പരിഗണിക്കുന്നത് - സംബന്ധിച്ച്.

തീരുമാനം: കരാർ വ്യവസ്ഥയിൽ നിയമിതരായ വിരമിച്ച ജീവനക്കാർക്ക് സർക്കാർ ഉത്തരവ് പ്രകാരമാണോ നിയമനം നടന്നതെന്ന് പരിശോധിക്കുന്നതിനും അതിനുശേഷം സർക്കാരിലേക്ക് കത്തെഴുതി അനുമതി കിട്ടിയാൽ മാത്രമേ വേതന വർദ്ധനവ് നടപ്പിലാക്കേണ്ടതുള്ളു എന്നുമുള്ള 21.06.2023 ലെ ധനകാര്യകമ്മിറ്റി യോഗത്തിന്റെ ശുപാർശ അംഗീകരിച്ചു.

(153/2021/എ.എ.ഒ - ഭരണവിഭാഗം)

ഇനം നമ്പർ: **2023.94**

വിഷയം: ഭാഷാശാസ്ത്രപഠന സ്കൂൾ അദ്ധ്യാപകനായ ഡോ.എം.സന്തോഷിനെതിരെ വിദ്യാർത്ഥികൾ നൽകിയ പരാതി പരിഗണിക്കുന്നത് - സംബന്ധിച്ച്.

തീരുമാനം: അധ്യാപകരെക്കുറിച്ചുള്ള പരാതികൾ ബന്ധപ്പെട്ട സമിതികൾ പരിശോധിക്കണം.

(3427/2021/എ.എ.ഒ - ഭരണവിഭാഗം)

ഇനം നമ്പർ: **2023.95**

വിഷയം: സർവ്വകലാശാല അദ്ധ്യാപകർക്ക് സീഡ്മണി നൽകുന്നത് സംബന്ധിച്ച് 2023.34 ഇനം നമ്പർ തീരുമാന പ്രകാരം രൂപീകൃതമായ ഉപസമിതിയുടെ ശുപാർശ പരിഗണിക്കുന്നത് - സംബന്ധിച്ച്.

തീരുമാനം: മലയാളസർവകലാശാല അദ്ധ്യാപകർക്ക് സീഡ്മണി നൽകാനും, അതിനാവശ്യമായ കരട് മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കാനും തീരുമാനിക്കുകയും, ഈ വർഷത്തെ സർവകലാശാല ബജറ്റിൽ വിവിധ പഠനസ്കൂളുകൾക്ക് പ്രസ്തുത ആവശ്യത്തിലേക്ക് നീക്കി വെച്ചിരിക്കുന്ന തുകയിൽ നിന്നും 50% തുക പുനർവിന്യാസം നടത്തി 14,00,000/- രൂപ സീഡ്മണി നൽകുന്നതിലേക്കായി നീക്കി വെക്കുന്നതിനുള്ള 04-07-2023 ലെ നിർവാഹകസമിതിയുടെ ഉപസമിതിയോഗത്തിലെ ഇനം നമ്പർ 1 ശുപാർശ അംഗീകരിച്ചു.

(102/MISC/2023/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2023.96**

വിഷയം: സർവ്വകലാശാല അനദ്ധ്യാപക ജീവനക്കാരുടെ വേതന വർദ്ധനവുമായി ബന്ധപ്പെട്ട് 2023.34 ഇനം നമ്പർ തീരുമാന പ്രകാരം രൂപീകൃതമായ ഉപസമിതിയുടെ ശുപാർശ പരിഗണിക്കുന്നത് - സംബന്ധിച്ച്.

തീരുമാനം: നിർവാഹകസമിതിയുടെ അടുത്ത യോഗത്തിലേക്ക് മാറ്റിവെച്ചു.

(2073/2021/എ.എ.ഒ - ഭരണവിഭാഗം)

ഇനം നമ്പർ: **2023.97**

വിഷയം: സർവ്വകലാശാല ശുചീകരണ/പാചക/തോട്ടം തൊഴിലാളികളുടെ സേവനം ക്രമപ്പെടുത്തുന്നത് സംബന്ധിച്ച് 2023.34 ഇനം നമ്പർ തീരുമാന പ്രകാരം രൂപീകൃതമായ ഉപസമിതിയുടെ ശുപാർശ പരിഗണിക്കുന്നത് - സംബന്ധിച്ച്

തീരുമാനം: നിർവാഹകസമിതിയുടെ അടുത്ത യോഗത്തിലേക്ക് മാറ്റിവെച്ചു.

(1171/എ6/2020/അഡ്മിൻ Vol.III - ഭരണവിഭാഗം)

ഇനം നമ്പർ: **2023.98**

വിഷയം: സർവ്വകലാശാല ഫിനാൻസ് വിഭാഗത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് 2023.34 ഇനം നമ്പർ തീരുമാന പ്രകാരം രൂപീകൃതമായ ഉപസമിതിയുടെ ശുപാർശ പരിഗണിക്കുന്നത് - സംബന്ധിച്ച്.

തീരുമാനം: 04-07-2023 ലെ നിർവാഹകസമിതിയുടെ ഉപസമിതിയോഗത്തിലെ ഇനം നമ്പർ-2 തീരുമാനം അനുസരിച്ച്, സർവകലാശാല ഫിനാൻസ് വിഭാഗത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിലവിൽ 2022.75 ഇനം നമ്പർ തീരുമാന പ്രകാരം രൂപീകരിച്ച ഉപസമിതിയുടെ പരിഗണനക്ക് വിടാനും, മറ്റു സർവകലാശാലകളിൽ ധനകാര്യവിഭാഗം പ്രവർത്തിക്കുന്ന രീതിയിലേക്ക് മലയാള സർവകലാശാല ഫിനാൻസ് വിഭാഗത്തെ മാറ്റാനും, താഴെപറയുന്ന കാര്യങ്ങൾ ഫിനാൻസ് വിഭാഗം ശക്തിപ്പെടുത്തേണ്ടതിന്റെ ഭാഗമായി നടപ്പിലാക്കാനും തീരുമാനിച്ചു.

a) ധനകാര്യ വിഭാഗത്തിൽ ഒരു പ്രി-ഓഡിറ്റ് സംവിധാനം ഉണ്ടാക്കണം.

b) ധനകാര്യവിഭാഗത്തിൽ ആവശ്യമായ രജിസ്റ്ററുകളും (അപ്രോപ്രിയേഷൻ രജിസ്റ്റർ, ഡി.പി.ആർ, കണ്ടിജന്റ് ബിൽ രജിസ്റ്റർ മുതലായവ), ബിൽഫോമുകളും, രശീതികളും ഉണ്ടാവണം.

c) ശമ്പളവിതരണത്തിനും, പ്രൊവിഡന്റ് ഫണ്ട് വിതരണത്തിനും അനുയോജ്യമായ സോഫ്റ്റ്വെയർ ഇതര സർവകലാശാലകളിൽ ഉള്ള രീതിയിൽ ഉപയോഗിക്കപ്പെടണം.

(102/MISC/2023/അഡ്മിൻ - ഭരണവിഭാഗം)

ഇനം നമ്പർ: **2023.99**

വിഷയം: **സർവ്വകലാശാല പബ്ലിക്കേഷൻ ഓഫീസർക്ക് നൽകിയ പി.ആർ.ഒ യുടെ അധികചുമതല ഒഴിവാക്കുന്നതും, പബ്ലിക്കേഷൻ ഓഫീസർ ഉൾപ്പെടെ 3 ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ചു നൽകിയ വിഷയത്തിൽ 2023.34 ഇനം നമ്പർ തീരുമാന പ്രകാരം രൂപീകൃതമായ ഉപസമിതിയുടെ ശുപാർശ പരിഗണിക്കുന്നത് - സംബന്ധിച്ച്.**

തീരുമാനം: നിർവാഹകസമിതിയുടെ അടുത്ത യോഗത്തിലേക്ക് മാറ്റിവെച്ചു.

ഇനം നമ്പർ: **2023.100**

വിഷയം: **സർവ്വകലാശാല ഫിനാൻസ് വിഭാഗത്തിൽ കൂടുതൽ പേരെ നിയമിക്കുന്ന വിഷയത്തിൽ 2023.34 ഇനം നമ്പർ തീരുമാന പ്രകാരം രൂപീകൃതമായ ഉപസമിതിയുടെ ശുപാർശ പരിഗണിക്കുന്നത് - സംബന്ധിച്ച്.**

തീരുമാനം: ഫിനാൻസ് വിഭാഗത്തിൽ കഴിഞ്ഞ ഒരു വർഷത്തെ ജോലി ഭാരത്തിന്റേയും ഫയൽ സമർപ്പണത്തിന്റേയും വിശദാംശങ്ങൾ ഫിനാൻസ് ഓഫീസറിൽ നിന്നും ആവശ്യപ്പെടാനുള്ള 04-07-2023 ലെ നിർവാഹകസമിതിയുടെ ഉപസമിതിയോഗത്തിലെ ഇനം നമ്പർ-5 തീരുമാനം നടപ്പിലാക്കാൻ തീരുമാനിച്ചു.

(2073/2021/എ.എ.ഒ - ഭരണവിഭാഗം)

യോഗം വൈകുന്നേരം 4.15 ന് അവസാനിച്ചു.

13/09/23

രജിസ്ട്രാർ

Sulekha
സെക്ഷൻ ഓഫീസർ